ഇന്ത്യ-കാനഡ സ്വതന്ത്ര വ്യാപാരക്കരാർ: ചർച്ചകൾ വർഷാവസാനത്തോടെ പൂർത്തിയാക്കാൻ നീക്കം

ന്യൂഡൽഹി: ഇന്ത്യയും കാനഡയും തമ്മിലുള്ള സ്വതന്ത്ര വ്യാപാരക്കരാർ (എഫ്ടിഎ) ചർച്ചകൾ ഈ വർഷം അവസാനത്തോടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നതായി കേന്ദ്ര വാണിജ്യമന്ത്രാലയം.

ഡൽഹിയിൽ പുരോഗമിക്കുന്ന ആറാംഘട്ട ചർച്ചകളിൽ ചരക്കുവ്യാപാരം, സേവനങ്ങൾ, നിക്ഷേപം തുടങ്ങി 16 വിഷയങ്ങളാണു പരിഗണിക്കുന്നത്. ഇതിൽ മൂന്ന് അധ്യായങ്ങൾ ഇതിനകം പൂർത്തിയായതായി വാണിജ്യമന്ത്രാലയം അഡീഷണൽ സെക്രട്ടറി ദർപൻ ജെയ്ൻ അറിയിച്ചു.

കാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ ഇന്ത്യാ സന്ദർശനവേളയിൽ കഴിഞ്ഞ മാർച്ചിലാണ് ചർച്ചകൾ പുനരാരംഭിച്ചത്. നയതന്ത്ര തർക്കങ്ങളെത്തുടർന്ന് 2023ൽ ഒമ്പത് ഘട്ട ചർച്ചകൾക്കുശേഷം നിർത്തിവച്ച കരാർനടപടികളാണ് വീണ്ടും സജീവമായത്. കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയലും കാനഡയുടെ വ്യാപാരമന്ത്രി മാരീന്ദർ സിദ്ധുവും വ്യാഴാഴ്ച കൂടിക്കാഴ്ച നടത്തി.

അതേസമയം ഇരുരാജ്യങ്ങളും തമ്മിലുള്ള മൊത്തം വ്യാപാരം 7.95 ബില്യൺ ഡോളറിലെത്തിയതായും ഇതിൽ ഇന്ത്യയുടെ കയറ്റുമതി 4.6 ബില്യൺ ഡോളറും ഇറക്കുമതി 3.28 ബില്യൺ ഡോളറുമാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

കഞ്ചാവുമായി പിടിയിൽ

വണ്ടിത്താവളം: വണ്ടിത്താവളം അയ്യപ്പൻകാവ് പരിസരത്ത് വാഹന പരിശോധനയ്ക്കിടെ 40 ഗ്രാം കഞ്ചാവുമായി 18കാരനെ മീനാക്ഷിപുരം പൊലിസ് അറസ്റ്റ് ചെയ്തു. ഏന്തൽപ്പാലം നന്ദിയോട് സ്വദേശി പ്രണവ് (18) ആണ് അറസ്റ്റിലായത്. ഇയാളോടൊപ്പമുണ്ടായിരുന്ന പ്രായപൂർത്തിയാകാത്ത വിദ്യാർഥിയെയും പൊലിസ് പിടികൂടി. പ്രതിയുടെ മൊബൈൽ ഫോണും കഞ്ചാവ് കടത്താൻ ഉപയോഗിച്ചതായി കരുതുന്ന സ്കൂട്ടറും പൊലിസ് കസ്റ്റഡിയിലെടുത്തു.

ഒഴിവാക്കപ്പെട്ടവർക്ക് എന്യൂമറേഷൻ ഫോമുകൾ സമർപ്പിക്കാം

തെരഞ്ഞെടുപ്പ് കമ്മിഷൻ സുപ്രീംകോടതിയിൽ



സ്വന്തം ലേഖകൻ

ന്യൂഡൽഹി: എസ്ഐആർ നടപടിക്രമങ്ങൾ തുടരുന്ന സംസ്ഥാനങ്ങളിൽ കരട് വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവർക്ക് എന്യൂമറേഷൻ ഫോം സമർപ്പിക്കാമെന്നും സംസ്ഥാന തെരഞ്ഞെടുപ്പ് ഓഫിസർമാർക്ക് ഇതുസംബന്ധിച്ച നിർദേശം കൈമാറിയതായും കേന്ദ്ര തെരഞ്ഞെടുപ്പു കമ്മിഷൻ സുപ്രീംകോടതിയെ അറിയിച്ചു. നേരത്തേ ഫോം സമർപ്പിക്കാത്തതിനാൽ പട്ടികയിൽനിന്ന് പുറത്തായവർക്കാണ് ഈ അവസരം ലഭിക്കുക. പുതിയ നിർദേശപ്രകാരം, വോട്ടർമാർക്കു നിലവിലെ സ്ഥിരതാമസ സ്ഥലത്തെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫിസർക്കോ (ഇആർഒ) അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫിസർക്കോ (എഇആർഒ) പൂരിപ്പിച്ച എന്യൂമറേഷൻ ഫോമുകൾ സമർപ്പിക്കാം.

തെരഞ്ഞെടുപ്പു പ്രക്രിയയുടെ ശുദ്ധി ഉറപ്പാക്കുകയെന്ന ഭരണഘടനാപരമായ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ പ്രതിജ്ഞാബദ്ധമാണെന്നും കമ്മിഷൻ സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ വ്യക്തമാക്കി. ഡൽഹിയിലെ വോട്ടർപട്ടിക പുതുക്കലുമായി ബന്ധപ്പെട്ട് ഒഴിവാക്കപ്പെട്ട വോട്ടർമാരെ കണ്ടെത്തി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള വഴികൾ പരിശോധിക്കാൻ സുപ്രീംകോടതി നിർദേശിച്ചിരുന്നു. തുടർന്നാണ് എസ്ഐആർ നടക്കുന്ന സംസ്ഥാനങ്ങളിൽ കരട് വോട്ടർപട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ടവർക്ക് എന്യൂമറേഷൻ ഫോം നൽകി വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള അനുമതി തെരഞ്ഞെടുപ്പു കമ്മിഷൻ നൽകിയത്.

പഴയ വിലാസത്തിൽത്തന്നെ തുടരുന്നവർ, നേരത്തേ ഫോം സമർപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന പ്രസ്താവനയോടൊപ്പം ഒപ്പിട്ട എന്യൂമറേഷൻ ഫോം നൽകണം. ഇആർഒ, എഇആർഒ, ബൂത്ത് ലെവൽ ഓഫിസർ (ബിഎൽഒ) എന്നിവർക്കു നേരിട്ടോ കുടുംബാംഗങ്ങൾ വഴിയോ ഫോം സമർപ്പിക്കാം. കൂടാതെ ഓൺലൈനായും അപേക്ഷ നൽകാമെന്ന് കമ്മിഷൻ കോടതിയെ അറിയിച്ചു. അർഹരായ ഒരു വോട്ടർപോലും ഒഴിവാക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കാനും ഇരട്ട വോട്ടുകൾ തടയാനും കൃത്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സത്യവാങ്മൂലത്തിൽ കമ്മിഷൻ വ്യക്തമാക്കി.

ഇൻഫർമേഷൻ ആൻഡ് കമ്യൂണിക്കേഷൻ ടെക്നോളജി (ഐടി, ഐസിടി) വിഭാഗത്തിന്റെ ഭരണപരമായ മേൽനോട്ടം സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരുത്തിയുള്ള സത്യവാങ്മൂലവും തെരഞ്ഞെടുപ്പ് കമ്മിഷൻ കോടതിയിൽ നൽകി.

ഐടി/ഐസിടി ഡിവിഷന്റെ മേൽനോട്ടവുമായി ബന്ധപ്പെട്ട് കഴിഞ്ഞ നാലിന് പുറത്തിറക്കിയ പുതിയ ഉത്തരവിലൂടെ ഇതിന്റെ മേൽനോട്ടം ഒരു മുതിർന്ന ഡെപ്യൂട്ടി ഇലക്ടറൽ കമ്മിഷണർക്കു (ഡിഇസി) നൽകിയിട്ടുണ്ട്. ഐടി വിഭാഗം എല്ലായ്പ്പോഴും ഡെപ്യൂട്ടി ഇലക്ഷൻ കമ്മിഷണറുടെ മേൽനോട്ടത്തിലാണു പ്രവർത്തിച്ചുവരുന്നതെന്നും സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ കമ്മിഷൻ വ്യക്തമാക്കി.

മണിപ്പുരിലേക്ക് ആയിരത്തിലധികം സിആർപിഎഫ് ജവാന്മാർ

ന്യൂഡൽഹി: രാജ്യത്ത് സായുധ മാവോയിസം അവസാനിച്ചെന്ന കേന്ദ്രസർക്കാർ പ്രഖ്യാപനത്തിന് പിന്നാലെ സുരക്ഷാ രംഗത്ത് നിർണായക മാറ്റംവരുത്തി ആഭ്യന്തരമന്ത്രാലയം. ഛത്തീസ്ഗഡിലെ നക്സൽ വിരുദ്ധ ദൗത്യമേഖലയിൽനിന്ന് 1000ത്തിലധികം പേരടങ്ങുന്ന ഒരു സിആർപിഎഫ് ബറ്റാലിയനെ മണിപ്പുരിലെ സുരക്ഷാ ചുമതലകൾക്കായി ഔദ്യോഗികമായി നിയമിച്ചു.

മാവോയിസ്റ്റ് സ്വാധീനമേഖലയായിരുന്ന തെക്കൻ ബസ്തറിലെ സുക്മ ജില്ലയിലായിരുന്നു കഴിഞ്ഞ കുറേവർഷങ്ങളായി ഈ ബറ്റാലിയൻ പ്രവർത്തിച്ചിരുന്നത്. കഴിഞ്ഞ മാർച്ചോടെ മേഖലയിലെ മാവോയിസ്റ്റ് സ്വാധീനം പൂർണമായി ഇല്ലാതായി. ഇതിനുശേഷം മൈനിംഗ് പ്രവർത്തനങ്ങളിലും ഐഇഡി ബോംബുകൾ നിർവീര്യമാക്കുന്നതിലുമായിരുന്നു ഈ സേനാവിഭാഗം ഏർപ്പെട്ടിരുന്നത്. മണിപ്പൂരിൽ തുടരുന്ന വംശീയസംഘർഷങ്ങളുടെ പശ്ചാത്തലത്തിലാണ് സിആർപിഎഫിന്റെ ജനറൽ ഡ്യൂട്ടി ബറ്റാലിയനെ അവിടെ വിന്യസിക്കാൻ ആസ്ഥാനത്ത് നിന്നും ഉത്തരവുണ്ടാകുന്നത്.

മാസങ്ങൾക്ക് മുമ്പ് സിആർപിഎഫിന്റെ പ്രത്യേക ജംഗിൾ വാർഫെയർ യൂണിറ്റായ കോബ്ര ബറ്റാലിയന്റെ രണ്ട് യൂണിറ്റുകളെയും മണിപ്പൂരിൽ വിന്യസിച്ചിരുന്നു. നിലവിൽ ഛത്തീസ്ഗഡിൽനിന്ന് പിൻവലിച്ച ബറ്റാലിയൻ ഏറ്റെടുത്തിരുന്ന ചുമതലകളും ഔദ്യോഗിക ഉത്തരവാദിത്വങ്ങളും മറ്റ് സിആർപിഎഫ് യൂണിറ്റുകളും സംസ്ഥാനപൊലിസും നിർവഹിക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

ഛത്തീസ്ഗഡ്, ഒഡീഷ എന്നിവടങ്ങളിലെ മാവോയിസ്റ്റ് ബാധിതമേഖലകളിൽ നിന്ന് കൂടുതൽ അർധസൈനിക ബറ്റാലിയനുകളെ കൂടി പിൻവലിക്കാൻ പദ്ധതിയുണ്ടെന്നും ഇവരെ മണിപ്പുരിലേക്കും പാക്കിസ്ഥാൻ, ബംഗ്ലാദേശ് അതിർത്തികളിലേക്കും നിയോഗിച്ചേക്കുമെന്നും ഡൽഹിയിലെ മുതിർന്ന സുരക്ഷാ ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

Bank of Maharashtra

സോണൽ ഓഫീസ്, എറണാകുളം

2-ാം നില, ജി.കെ. ആർക്കേഡ്, പാലാരിവട്ടം ബൈപാസ് ജംഗ്ഷൻ, വെണ്ണല പി.ഒ, എറണാകുളം-682028, ഫോൺ: 0484-4858739.
ഇ-മെയിൽ: legal_ern@bankofmaharashtra.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപന നോട്ടീസ്

[2002 ലെ സെക്യൂരിറ്റി ഇന്റർസ്റ്റ് (എൻഫോഴ്സ്മെന്റ്) നിയമത്തിൻ കീഴിൽ ചട്ടം 8(6) പ്രകാരമുള്ള നോട്ടീസ്]

ഇ-ലേലത്തിന്റെ തീയതി: **22.12.2026** രാവിലെ 11.00 നും ഉച്ചയ്ക്ക് 2.00 നും മദ്ധ്യേ
ലേലം അവസാനിപ്പിക്കുന്നതിന് 5 മിനിട്ട് മുൻപ് ലേല വർദ്ധനവുണ്ടെങ്കിൽ 5 മിനിട്ട് ആട്ടോ നീട്ടൽ
രേഖകൾ സഹിതം നിരതദ്രവ്യം സമർപ്പിക്കുന്നതിനുള്ള അവസാന സമയം: 22.12.2026 രാവിലെ 10.00 മണി വരെ
വസ്തുവകകളുടെ പരിശോധന: **14-11-2026** മുതൽ **21.12.2026** വരെ മുൻകൂർ അനുമതിയോടെ രാവിലെ 11.00 നും വൈകുന്നേരം 4.00 മണിക്കും ഇടയിൽ
കൂടുതൽ വിവരങ്ങൾക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഫോൺ: 9753855755 ലോ ആഫീസർ: 9952972858

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റർസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്റർസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ പ്രൊവിസോ 8 (6) പ്രകാരമുള്ള സ്ഥാവര വസ്തുവിന്റെ ഇ - ലേല വിൽപന നോട്ടീസ്.

ബാങ്കിൽ പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാർ കുടിശ്ശിക തുക തിരിച്ചടയ്ക്കാത്തതിനാൽ താഴെ കൊടുത്തിട്ടുള്ള സ്ഥാവര വസ്തുക്കൾ കൈവശമെടുത്തിട്ടുള്ളതാണെന്ന് വായ്പക്കാരെ/ജാമ്യക്കാരെ/ജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു. വായ്പക്കാർ/ജാമ്യക്കാരിൽനിന്നും ബാങ്ക് ഓഫ് മഹാരാഷ്ട്രയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റു ചെലവുകളും വസൂലാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ **'ഇവിടെയൊന്നോ' 'എങ്ങനെയൊന്നോ' 'എന്തൊക്കെയൊന്നോ'** എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വായ്പക്കാർ/ജാമ്യക്കാരുടെ വിശദ വിവരം, കുടിശ്ശിക തുക, സ്ഥാവരവസ്തുവിന്റെ സംക്ഷിപ്ത വിവരണം, നിലവിലെ ബാധ്യത, കൈവശപ്പെടുത്തിയ രീതി, കരുതൽ വില, നിരതദ്രവ്യം എന്നിവ ചുവടെ ചേർക്കുന്നു.

1. ശാഖ: **അങ്കമാലി**: വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: 1) **ക്വീൻ ബീ വൈറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ്**, സർവേ നം.117/4, അവന്യൂ സെന്റർ, വെസ്റ്റ് BHS, രണ്ടാം നില, XI/258C1, മേത്തല, കൊടുങ്ങല്ലൂർ, തൃശൂർ- 680664 (2). **ശ്രീ നിബിൻ ടി . യു**, തോട്ടുപിള്ളി മേത്തല, മേത്തല പി.ഒ കൊടുങ്ങല്ലൂർ തൃശൂർ- 680669, (3) **ശ്രീ മനോജ് കുമാർ വി. എസ്**, വില്ലുവമംഗലത്ത് പടകുളം, ലോകമലേശ്വരം, പടക്കുളം സിഗ്നലിന് സമീപം, കൊടുങ്ങല്ലൂർ - 680664

കുടിശ്ശിക തുക: **രൂപ 88,32,087/- (എൺപത്തിയെട്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി എൺപത്തിയേഴ് രൂപ)** 18.09.2025 മുതലുള്ള പലിശയും മറ്റു ചിലവുകളും

സ്ഥാവര വസ്തുവിന്റെ വിശദ വിവരണം നിലവിലെ ബാധ്യത ഉൾപ്പെടെ: (1) തൃശ്ശൂർ ജില്ലയിൽ, കൊടുങ്ങല്ലൂർ സബ്ബ് രജിസ്ട്രാർ ഓഫീസിൽ, ലോകമലേശ്വരം ദേശത്ത്, കൊടുങ്ങല്ലൂരിൽ, ശ്രീ.മനോജ് കുമാർ, S/o സോമന്റെ പേരിലുള്ള സർവെ നം. 13,503/1-9 ൽ പെട്ട 3261.465 ചതുരശ്ര അടി സ്ഥലവും അതിലിരിപ് കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ വാർഡ് നം.42 ൽ സ്ഥിതി ചെയ്യുന്ന കെട്ടിടവും (നം.77/A) അവകാശങ്ങളും മറ്റ് ചമയങ്ങളും കൂടിയാകുന്നു. **അതിരുകൾ: വടക്ക്**: മുല്ലത്ത് രാജേശ്വരി വക വസ്തു, **കിഴക്ക്**: മുനിസിപ്പൽ റോഡ്, **പടിഞ്ഞാറ്**: പ്രകാശൻ തടശ്ശേരി വക വസ്തു, **തെക്ക്**: പ്രകാശൻ തടശ്ശേരി വക വസ്തു. CERSAI ID : 200088206235

കരുതൽവില: രൂപ 72,00,000/-	നിരതദ്രവ്യം: രൂപ 7,20,000/-	ലേല വർധന തുക: രൂപ 1,00,000/-

(2) തൃശ്ശൂർ ജില്ലയിൽ, കൊടുങ്ങല്ലൂർ സബ്ബ് രജിസ്ട്രാർ ഓഫീസിൽ, മേത്തല വില്ലേജിൽ, ശ്രീ.നിബിൻ ടി.യു, S/o ഉണ്ണിക്യഷ്ണന്റെ പേരിലുള്ള സർവെ നം. 568/3/3 ൽ പെട്ട 4359.384 ചതുരശ്ര അടി സ്ഥലവും കെട്ടിടവും അവകാശങ്ങളും മറ്റ് ചമയങ്ങളും കൂടിയാകുന്നു. **അതിരുകൾ: വടക്ക്**: ശ്രീ.സജീവൻ വക വസ്തു, **കിഴക്ക്**: ശ്രീമതി.നസീബ വക വസ്തു, **പടിഞ്ഞാറ്**: റോഡ്, **തെക്ക്**: ശ്രീ. സുധാകരൻ വക വസ്തു. CERSAI ID : 200062925681

കരുതൽവില: രൂപ 78,00,000/-	നിരതദ്രവ്യം: രൂപ 7,80,000/-	ലേല വർധന തുക: രൂപ .50,000/-

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി ബാങ്കിന്റെ "https://bankofmaharashtra.in/asset-for-sales-search" എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുക. (https:ebkray.in). എന്ന പോർട്ടലിലും ലഭ്യമാണ്.

തീയതി: 14-11-2026.
സ്ഥലം: എറണാകുളം.

(ഒപ്പ്) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ,
ബാങ്ക് ഓഫ് മഹാരാഷ്ട്രയ്ക്കുവേണ്ടി

E2611-607883

സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്

ഇടനിലക്കാരില്ലാതെ കുറഞ്ഞ ചിലവിൽ പെർമിറ്റ് ഉള്ള ടാങ്കറിൽ കൊണ്ടുപോകും. തൃശൂർ ജില്ലയിൽ എവിടേയും. ബ്ലോക്ക്, പ്ലംമ്പിംഗ് എല്ലാത്തരം മെയിന്റൻസ് വർക്കും ചെയ്യുന്നു.

Ph: 9539108888,9539118888

T2611-607553

PULSATOR

15-ാം വാർഷിക ഓഫർ പള്ളിമണി അടിക്കാൻ ആള് വേണ്ട

15 വർഷം മുൻപ് MADONNA ELECTRONICS വികസിപ്പിച്ചെടുത്ത PULSATOR ഇത് സാധ്യമാക്കി. ഇന്ന് ഇന്ത്യയിലും വിദേശത്തുമായി 2000 ത്തിലധികം മണികൾ പൾസേറ്ററിലൂടെ സ്വയം മുഴങ്ങുന്നു.

PULSATOR + CHANT CONNECT: നിലവിലുള്ള പള്ളിമണികൾ നിശ്ചിത സമയങ്ങളിലും രീതികളിലും സ്വയമേ മുഴക്കാം.

ഒപ്പം സെറ്റ് ചെയ്ത് ഭക്തിഗാനങ്ങളും പ്രാർത്ഥനകളും പ്രക്ഷേപണം ചെയ്യാം. ഇവയെല്ലാം മൊബൈൽ ആപ്പിലൂടെയും നിയന്ത്രിക്കാം.

15-ാം വാർഷിക സ്പെഷ്യൽ ഓഫറായി PULSATOR + CHANT CONNECT വാങ്ങുന്നവർക്ക് ഇൻസ്റ്റലേഷനും രണ്ടു വർഷത്തെ വാറന്റിയും ഉൾപ്പെടെ 3,000/- വിലയുള്ള ടച്ച്‌ലസ് വിശുദ്ധജല ഡിസ്പെൻസറും, 3,000/- വിലയുള്ള ധൂപക്കരി - മിനി ഹീറ്റർ സെറ്റും സൗജന്യം.

നിങ്ങളുടെ പള്ളിയിലും ഈ ആധുനിക മണിമുഴക്ക സംവിധാനം ഒരുക്കൂ. ഓർഡറുകൾക്കും കൂടുതൽ വിവരങ്ങൾക്കും:

MADONNA ELECTRONICS
CHITTOOR, KOCHI
9895399881
felixmadonna@gmail.com

E2611-607687

CHANGE OF NAME

I, PERINGBAYANAYAGAM JOHN EBENEZER JOHN Holder of Indian Passport No. M1617959 No, 58, Jyothi Nagar, K.S.H.B., South Chalakudy P.O., Thrissur, Pin-680307, Kerala, India. Do hereby change my name and address as follows:-
JOHN. EBENEZER JOHN No. 141/B. Grace Abode Ambalanada Junction, West Chalakudy, Chalakudy P.O. Pin-680307, Kerala, India.

T2611-607920


RASHTRA DEEPIKA
CHILDREN'S DIGEST
Popular English Child Magazine

ഹോളി മൗണ്ട് കാർമ്മൽ കോളേജ് ഓഫ് നഴ്സിംഗ്

BC ROAD- മംഗലാപുരം

ADMISSION OPEN

B.Sc. NURSING

Approved by Nursing Council & Rajiv Gandhi University

സ്കോളർഷിപ്പിൽ പഠിക്കാം

കൂടുതൽ വിവരങ്ങൾക്ക്

PRINCIPAL
8197202255

Z2611-607860

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്

ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വ്യത്തിയാക്കുന്നു

9846237864

T2611-607172

മാതാ
സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
97452 03275

ബ്ലോക്ക്, മെയിന്റനൻസ് റിപ്പയറിംഗ്. ദുർഗന്ധമില്ലാതെ ജില്ലയിൽ എവിടെയും രാത്രിയും പകലും വ്യത്തിയാക്കുന്നു.

T2611-607416

ദീപിക ക്ലാസിഫൈഡ്സ്

kotak Kotak Mahindra Bank

കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്

രജിസ്റ്റേർഡ് ഓഫീസ് 27, ബി. കെ. സി, സി-27, ജി ബ്ലോക്ക്, ബാന്ദ്ര കുർള കോംപ്ലക്സ്, ബാന്ദ്ര (ഈസ്റ്റ്), മുംബൈ - 400051
ശാഖ ഓഫീസ് SAS പ്ലാസ, വീക്ഷണം റോഡ്, എറണാകുളം, കേരള - 682035
കോർപ്പറേറ്റ് ഐഡന്റിറ്റി നമ്പർ - L65110MH1985PLC038137, www.kotak.com

സ്ഥാവര വസ്തുക്കളുടെ ഇ-ലേല കം വിൽപന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റർസ്റ്റ് ആക്ട് 2002 പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപനയ്ക്കുള്ള ഇ-ലേല വിൽപന അറിയിപ്പ്. 2002 ലെ സെക്യൂരിറ്റി ഇന്റർസ്റ്റ് (എൻഫോഴ്സ്മെന്റ്) നിയമങ്ങളുടെ റൂൾ 8 (6) & 9(1) പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരം.

പൊതുജനങ്ങൾക്ക് ഇതിനാൽ പൊതുവെയും പ്രത്യേകിച്ച് വായ്പ എടുത്തയാൾ (കൾ)ക്കും ജാമ്യക്കാർക്കും കൂടാതെ/അല്ലെങ്കിൽ പണയക്കാർ (കൾ) എന്നിവർക്ക് അറിയിപ് നൽകുന്നു. താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര വസ്തു (കൾ) കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിൽ ('സെക്യൂർഡ് ക്രെഡിറ്റർ') പണയം വച്ചിരിക്കുന്നു/ചാർജ് ചെയ്തിരിക്കുന്നു. അതിന്റെ ഭൗതിക കൈവശം സെക്യൂർഡ് ക്രെഡിറ്ററുടെ അംഗീകൃത ഉദ്യോഗസ്ഥൻ താഴെയുള്ള പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന തീയതിയിൽ എടുത്തിട്ടുണ്ട്. ഈ വസ്തു **'എവിടെയൊന്നോ അവിടെ', 'എന്താണോ അങ്ങനെ', 'എന്തെല്ലാമാണോ അത് നീക്കോഴ്സ് ബോസ് ഇല്ല'**, എന്നീ ഇ- ലേലങ്ങളിൽ താഴെ പറയുന്ന തുക കോമ്പൗണ്ട് പലിശയുടെ അടിസ്ഥാനത്തിൽ കരാർ നിരക്കിൽ കൂടുതൽ പലിശയും മറ്റ് ചാർജ്ജുകളും സഹിതം വീണ്ടെടുക്കുന്നതിനായി **10-12-2026** ന് നടക്കും. സെക്യൂർഡ് ക്രെഡിറ്ററായ കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിന് നൽകേണ്ട പണമടയ്ക്കൽ/വായ്പ ലഭിക്കുന്നതുവരെ വായ്പക്കാർ/പണയക്കാർ/ ജാമ്യക്കാരായ M/s കേരള ഫാഷൻ ജ്വല്ലറി & പണയക്കാർ/ജാമ്യക്കാരായ ശ്രീ. ഒ.കെ. നോയ്, ശ്രീ. ഒ.കെ. ജോജു, ശ്രീ. ഒ.കെ. ബിജു, ശ്രീമതി. ഷീജ നോയ്, ശ്രീമതി. സിൻഡ്രല ജോജു, ശ്രീമതി. മിനി ബിജു, പരേതയായ ശ്രീമതി. കൊച്ചുത്രേസ്യ എന്നിവർ അവരുടെ നിയമപരമായ അവകാശികളായ ശ്രീ. ഒ.കെ. നോയ്, ശ്രീ. ഒ.കെ. ജോജു, ശ്രീ. ഒ.കെ. ജോജു, ശ്രീ. ഒ.കെ. ബിജു, ശ്രീമതി. നോസ് മോൾ ജോൺസൻ എന്നിവരിൽ നിന്നാണ് തുക ഈടാക്കുക. ലേലത്തിന് വച്ചിരിക്കുന്ന സ്ഥാവര വസ്തുക്കളുടെ വിശദാംശങ്ങൾ/വിവരണം, കരുതൽ വില, ആദായ നികുതി, കുടിശ്ശികകൾ, 13 (2) നോട്ടീസിന്റെ വിശദാംശങ്ങൾ, ഭൗതികമായി കൈവശം എടുത്ത തീയതി, ലേല ഷെഡ്യൂൾ എന്നിവ ചുവടെ പരാമർശിച്ചിരിക്കുന്നു.

ലോട്ട്	പണയക്കാരുടെ പേര്	ഇ-ലേലത്തിനുള്ള സ്ഥാവര വസ്തുവിന്റെ വിവരണം	പ്രത്യക്ഷമായി കൈവശപ്പെടുത്തിയ തീയതി	കരുതൽ തുക (രൂപ)	13(2) നോട്ടീസ് തീയതിയും നിലവിലുള്ള കുടിശ്ശിക
ലോട്ട് 1	ശ്രീ. ഒ.കെ. നോയ് ശ്രീ. ഒ.കെ. ജോജു ശ്രീ. ഒ.കെ. ബിജു	ജില്ല: തൃശൂർ, ഉപജില്ല: കുട്ടനല്ലൂർ, താലൂക്ക്: തൃശൂർ, കര: അഞ്ചേരി, പരിധി: തൃശൂർ കോർപ്പറേഷൻ, നീ സർവ്വെ നം. 1/39 പ്രഴയ സർവ്വെ നം. 396/3)ൽ പെട്ട 2.83 ആർ (6.99 സെന്റ്) വസ്തുവും അതിലുള്ള സകല വകകളും. **അതിരുകൾ (ലൊക്കേഷൻ സർട്ടിഫിക്കറ്റ് അനുസരിച്ചുള്ളത്): കിഴക്ക്**: പൗലോസിന്റെ വസ്തു, **തെക്ക്**: റോഡ്, **പടിഞ്ഞാറ്**: പോൾ ഇമ്മട്ടിയുടെ വസ്തു, **വടക്ക്**: ശ്രീപദനഗർ. കെട്ടിടങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയിലും ഭാവിയിലുള്ള അവസ്ഥയിലും.	22-01-2025 ഓൺ ലൈൻ ബിഡ് സമർപ്പിക്കേണ്ട അവസാന തീയതി 09-12-2026 വൈകുന്നേരം 04.00 വരെ ഇ-ലേലത്തിന്റെ തീയതിയും സമയവും 10-12-2026 ഉച്ചയ്ക്ക് 01.00 നും 02.00 നും മദ്ധ്യേ	രൂപ 1,10,00,000/- (ഒരു കോടി പത്ത് ലക്ഷം രൂപ) നിരതദ്രവ്യം (ഇഎംഡി) (രൂപ) രൂപ 11,00,000/- (പതിനൊന്ന് ലക്ഷം രൂപ)	01-11-2026 വരെ രൂപ 92,45,68,470.53 (തൊണ്ണൂറ്റി രണ്ട് കോടി നാൽപത്തി അഞ്ച് ലക്ഷത്തി അറുപത്തി എട്ടായിരത്തി നാന്നൂറ്റി എഴുപത് രൂപ അൻപത്തി മൂന്ന് പൈസ) 13(2) നോട്ടീസ് തീയതി: 26-08-2016
ലോട്ട് 2	ശ്രീ. ഒ.കെ. ബിജു	ജില്ല: തൃശൂർ, ഉപജില്ല: കുട്ടനല്ലൂർ, താലൂക്ക്: തൃശൂർ, കര: അഞ്ചേരി, പരിധി: തൃശൂർ കോർപ്പറേഷൻ, നീ സർവ്വെ നം. 1/7 പ്രഴയ സർവ്വെ നം. 396/18, 396/19, 396/23)ൽ പെട്ട 5.35 ആർ വസ്തുവും അതിലുള്ള സകല വകകളും. **അതിരുകൾ (ലൊക്കേഷൻ സർട്ടിഫിക്കറ്റ് അനുസരിച്ചുള്ളത്): കിഴക്ക്**: മോഹനന്റെ വസ്തു, **തെക്ക്**: റോഡ്, **പടിഞ്ഞാറ്**: റഫായിയുടെ വസ്തു, **വടക്ക്**: ഭേരി, ധർമോസ് മുതലായവരുടെ വസ്തു	22-01-2025 ഓൺ ലൈൻ ബിഡ് സമർപ്പിക്കേണ്ട അവസാ